മലയാള മനോരമ
ESTABLISHED 1888
06 May 2017

# കേരളത്തിനു പ്രത്യേക മത്സ്യ പാക്കേജ് പ്രഖ്യാപിക്കണം: മത്സ്യത്തൊഴിലാളികൾ

സിഎംഎഫ്ആർഐയിൽ മത്സ്യത്തൊഴിലാളി–മത്സ്യ കർഷക സംഗമ

കൊച്ചി • മത്സ്യ മേഖലയിൽ കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടായ പ്രശ്നങ്ങൾ പഠനവിധേയമാക്കി ബദൽ മാർഗങ്ങൾ സ്വീകരിക്കാൻ ശാസ്ത്രസമൂഹം രംഗത്തുവരണമെന്നു കേന്ദ്ര മന്ത്രി സുദർശൻ ഭഗത് നിർദേശിച്ചു. സിഎംഎഫ്ആർഐയിൽ നടന്ന മൽസ്യത്തൊഴിലാളി- മത്സ്യ കർഷക സംഗമത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ജി. മഹേശ്വരുഡു എന്നിവർ പ്രസംഗിച്ചു.

മത്സ്യലഭ്യതയിൽ ഗണ്യമായ കുറവുണ്ടായതു കണക്കിലെടുത്തു കേരളത്തിനു പ്രത്യേക മൽസ്യ പാക്കേജ് പ്രഖ്യാപിക്കണമെന്നു മത്സ്യത്തൊഴിലാളികൾ കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു. മൂന്നു വർഷത്തിനിടെ ഏകദേശം 10,000 കോടി രൂപയുടെ നഷ്ടമുണ്ടായി.

ഇതുമൂലം പട്ടിണിയിലായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സഹായിക്കുന്നതിനു പാക്കേജ് അത്യാവശ്യമാണ്. പെരിയാർ മലിനീകരണം തടയുന്നതിനു പദ്ധതികൾ വേണമെന്നു മത്സ്യ കർഷക പ്രതിനിധികൾ ആവശ്യപ്പെട്ടു.